പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 2024

05.10.2016 -ലെ മറുപടിയ്ക്ക്

**തൊഴിൽവകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തുകളിലേക്ക് പുനർവിന്യാസംചെയ്തിട്ടുള്ള ജീവനക്കാർ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. ശർമ്മ | ശ്രീ. ടി.പി.രാമകൃഷ്ണൻ (ബഹു: തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽവകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തുകളിലേക്ക് പുനർവിന്യാസം ചെയ്തിട്ടുള്ള എത്ര ജീവനക്കാരെയാണ് ഇനിയും വകുപ്പിലേക്ക് തിരിച്ചുവിളിക്കാനുള്ളതെന്ന് വ്യക്തമാക്കാമോ; | (എ)തൊഴിൽ വകുപ്പിൽ നിന്നും ഗ്രാമപഞ്ചായത്തുകളിലേക്ക് പുനർ വിന്യാസം ചെയ്തിട്ടുള്ള 20 ജീവനക്കാരെയാണ് ഇനിയും വകുപ്പിലേക്ക് തിരിച്ചു വിളിക്കാനുള്ളത്. |
| (ബി) ഇപ്രകാരം പുനർവിന്യാസം ചെയ്തിട്ടുള്ള ഉദ്യോഗസ്ഥരെ തിരിച്ചുവിളിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;വിശദമാക്കാമോ? | (ബി) ഉദ്ദേശിക്കുന്നുണ്ട്. സ.ഉ (പി) നം. 187/2000/എൽ.എസ്.ജി.ഡി തീയതി 04.07.2000 പ്രകാരമാണ് വകുപ്പിൽ നിന്ന് 36 പേരെ പുനർവിന്യസിച്ചത്. ആയതിനുശേഷമാണ് വകുപ്പിൽ ആം ആദ്മി ബീമായോജന, രാഷ്ട്രീയ സ്വാസ്ഥ്യ ബീമാ യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും, ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് ആക്ടിന്മേലുള്ള ഒറ്റത്തവണ സെസ്സ് കളക്ഷൻ, ട്രേഡ് യൂണിയൻ സംബന്ധമായ വിവിധ ക്ഷേമപദ്ധതികളും കൂടാതെ വകുപ്പിന്റെ നൂതന പദ്ധതിയായ വേജ് പ്രൊട്ടക്ഷൻ സിസ്റ്റം( W.P.S), ഐ.റ്റി.സെൽ തുടങ്ങിയ ജോലികൾ വകുപ്പിൽ വന്നുചേർന്നിട്ടുള്ളത്. ആകയാൽ വകുപ്പിൽ നിലവിലുള്ള ജീവനക്കാരുടെ ജോലി ഭാരം വളരെയധികം വർദ്ധിച്ചിട്ടുണ്ട്. തന്മൂലം ജില്ലാ ലേബർ ഓഫീസുകളിൽ നിന്നും പുനർവിന്യസിക്കപ്പെട്ട ജീവനക്കാരെ തിരികെ വിളിക്കേണ്ട അടിയന്തിര സാഹചര്യം സംജാതമായിരിക്കുകയാണ്. |

Sreedel
**സെക്ഷൻ ഓഫീസർ**